# പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.232 — 09.03.2018 ന് മറുപടിയ്ക്ക്.

## നീലക്കുറിഞ്ഞി സങ്കേതത്തിലെ കയ്യേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.അബ്ദുൾ ഹമീദ്.പി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) നീലക്കുറിഞ്ഞി സങ്കേതത്തിന്റെ വിസ്തൃതി പുനഃപരിശോധിക്കുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; | (എ) നീലക്കുറിഞ്ഞി സങ്കേതത്തിന്റെ കൃത്യമായ വിസ്തൃതി ഇതുവരെയും നിർണ്ണയിച്ചിട്ടില്ല. അതുകൊണ്ട് വിസ്തൃതി പുനഃപരിശോധിക്കാനും തീരുമാനമെടുത്തിട്ടില്ല. നീലക്കുറിഞ്ഞി സങ്കേതത്തിന്റെ പ്രാഥമിക വിജ്ഞാപനം (ഇന്റൻഷൻ നോട്ടിഫിക്കേഷൻ) മാത്രമേ നിലവിൽ വന്നിട്ടുള്ളു. പ്രാഥമിക വിജ്ഞാപനത്തിൽ സാങ്ച്വറിയായി പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്ന പ്രദേശം അടയാളപ്പെടുത്തുന്നതിന് റോഡുകളും, നദികളും പർവ്വത ശിഖരങ്ങളും മറ്റ് തിരിച്ചറിയാവുന്ന അതിരുകളുമാണ് രേഖപ്പെടുത്താറുള്ളത്. വട്ടവട വില്ലേജിൽ ബ്ലോക്ക്-62, കൊട്ടക്കാമ്പൂർ വില്ലേജിൽ ബ്ലോക്ക്-58 എന്നിവയാണ് വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളെങ്കിലും അവയുടെ അതിരുകളൊന്നും വ്യക്തമായി അളന്ന് തിരിച്ചിട്ടില്ല. സെറ്റിൽമെന്റ് ഓഫീസർ കൂടിയായ ദേവികുളം സബ് കളക്ടർ ഭൂമി അളന്ന് തിരിച്ച് അവകാശവാദങ്ങൾ തീർപ്പാക്കിയ ശേഷമേ ഇക്കാര്യത്തിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ കഴിയുകയുള്ളു. അപ്പോൾ മാത്രമേ കൃത്യമായ വിസ്തൃതി അറിയാനും കഴിയുകയുള്ളു. നീലക്കുറിഞ്ഞി സങ്കേതത്തിനായി വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശത്ത് പട്ടയഭൂമി എത്രയുണ്ട്, കയ്യേറ്റഭൂമി എത്രയുണ്ട്, കൈവശസ്ഥലത്ത് വീടോ സ്ഥാപനങ്ങളോ ഉണ്ടോ, ടി പ്രദേശത്ത് ഏതെല്ലാം തരത്തിലുള്ള മരങ്ങൾ ഉണ്ട് തുടങ്ങിയവയിൽ വ്യക്തത വരുത്തുന്നതിലേയ്ക്കായി സർവ്വേ നടപടികൾ അടിയന്തിരമായി തീർപ്പാക്കുവാനും, ടി സർവ്വേ നടപടികൾ സുഗമമാക്കുന്നതിനും, വേഗത്തിലാക്കുന്നതിനും, റവന്യൂ വനം, പോലീസ് വകുപ്പ് ഉദ്യോഗസ്ഥരുടെ സഹകരണത്തോടുകൂടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനും സെറ്റിൽമെന്റ് ഓഫീസർ/ദേവികുളം സബ് കളക്ടർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ 23.11.2017-ലെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) സങ്കേതത്തിലെ കൈയേറ്റം സംബന്ധിച്ച കാര്യങ്ങൾ മനസ്സിലാക്കു-ന്നതിനായി നിയോഗിച്ച മന്ത്രിമാർ എന്തെങ്കിലും നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ടോ;<br>(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | (ബി) & (സി) - നീലക്കുറിഞ്ഞി സങ്കേതം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി പ്രസ്തുത സ്ഥലം നേരിൽ സന്ദർശിക്കുന്നതിനും ബന്ധപ്പെട്ടവരുടെ ഒരു യോഗം നടത്തുന്നതിനും റവന്യൂ, വനം, വൈദ്യുതി വകുപ്പ് മന്ത്രിമാരെ നിയോഗിച്ചിരുന്നു. പ്രസ്തുത മന്ത്രിമാർ 11.12.2017-ൽ കുറിഞ്ഞിമല സന്ദർശിക്കുകയും 12.12.2017-ൽ വിവിധ ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ, കർഷക പ്രതിനിധികൾ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ ബഹു. റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഈ വിഷയം സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിക്ക് ഓരോ മന്ത്രിമാരും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ